11. തയ്യൽ സ്ഥാപനം കുടുംബശ്രീ വഴി ഉണ്ടാകുന്നതിനും ആട്ടോ ഡ്രൈവിംഗും ആട്ടോറിക്ഷയും കൊടുത്ത് വനിതകളെ സംരക്ഷിക്കണം.
12. മൃഗാശുപത്രിയുടെ (ബ്ലോക്ക് ഓഫീസ്) അകത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാക്കണം.
13. തോട് നികത്തി റോഡാക്കുന്നതിനുള്ള നടപടി തടയണം.
14. പച്ചക്കറി കൃഷി ചെയ്യുവാൻ താത്പര്യമുള്ള വ്യക്തികൾക്ക് കുടുംബ ശ്രീവഴിയും അല്ലാതേയും കവറുകൾ നൽകി കൃഷി ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. പതലതരം ഭക്ഷ്യോൽപാദനത്തിന് പ്രോത്സാഹനവും പരിശീലനവും സഹായവും നൽകണം.
15. കുടിവെള്ളം പരിശോധിച്ച് ശുദ്ധജലം തരുവാനുള്ള ദയ ഉണ്ടാകണം. ടി പദ്ധതി പ്രദേശത്തുള്ള മുഴുവൻ വീട്ടിലും ഓരോ ഔഷധത്തെ നൽകണം
16. കല്ലടുക്കി പല സ്ഥലങ്ങളിലും മണ്ണൊലിപ്പു തടയണം.
17. ഇപ്പോൾ കൂടിയ അയൽക്കൂട്ടങ്ങൾ മാസത്തിൽ ഒരിക്കൽ വിളിച്ചുകൂട്ടി, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവും, ശുചിത്വ പരിപാലനത്തെക്കുറിച്ചും ബോധവൽക്കരണം നൽകുക.
18. ക്ഷീരോൽപാദനം, മത്സ്യകൃഷി, ജൈവകൃഷിയും കീഴങ്ങുവർഗ ഉൽപ്പാദനം എന്നിവ പ്രോത്സാഹിപ്പിക്കുക.

## മൈലയ്ക്കൽ വാർഡ് – 6

ആകെ അയൽക്കൂട്ടം –8

1. ഏരിയ

   നാഗരുകുഴി, പ്ലാവോട്, മേലേകുറ്റിമൂട്, പനയറം, കല്ലിടുക്ക്, പണിക്കരുകോണം, വടക്കനാട്, മൂഴി, വേടക്കാല, വെഞ്ഞാറമൂട്.

2. പ്രധാനമായും 5 തോടുകൾ, കൈത്തോടുകൾ 1 (പനയറം, പ്ലവോട്)

   തോടിന്റെ സൈഡുവാൾ കെട്ടുകയും നടപ്പാലം നിർമ്മിക്കുകയും വേണം.

3. പണിക്കരുകോണം ചിറവൃത്തിയാക്കി കുടിവെള്ള യോഗ്യമാക്കുക.

4. കുളങ്ങൾ – 6

   രണ്ട് കുളം വൃത്തിയാക്കി മീൻ വളർത്താനും നാല് കുളം വൃത്തിയാക്കി കുടിവെള്ള യോഗ്യമാക്കുകയും മഴക്കുഴിയും, മഴവെള്ള സംഭരണിയും വേണം. ഓരോ വീട്ടിലും തൊഴിലുറപ്പ് തൊഴിലാളികളെകൊണ്ട് നിർമ്മിക്കണം. തെങ്ങിനു തടമെടുക്കൽ, ചാക്കുകളിൽ മണ്ണ് നിറച്ച് വിത്തു നടുന്ന കൃഷി രീതി, പുരയിടങ്ങളിൽ കൃഷി, കൂൺ കൃഷി, മുല്ലകൃഷി, വാഴകൃഷി, മറ്റ് പച്ചക്കറി കൃഷികൾ കൂടി വേണം. തേക്ക്, ഈട്ടി മുതലായ തൈകൾ നൽകി സഹായിക്കണം. സ്വയം തൊഴിലിനുവേണ്ടി പശു, ആട്, കോഴി, തേനീച്ച വളർത്തൽ എന്നിവയും വേണം.

5. കെയർ ഹോമിലുള്ള തരിശു ഭൂമിയിൽ പച്ചക്കറിയും ചെറുകൃഷികളും വേണം.

6. കുടിവെള്ളം ഇല്ലാത്ത സ്ഥലത്ത് കുളം നിർമ്മിക്കുക. (മേലേകുറ്റിമൂട്, പനയറം)

   a. പണിക്കരുകോണം തോട്
   b. പ്ലാവോട് കടിയൂർകോണം തോട്
   c. കമുകിൻതോട് സുഹാസിനു പിറകുവശം
   d. മക്കാംകോണം തോട്
   e. പ്ലാവോട് പനയറം കൈത്തോട്

ഈ വാർഡിലെ പദ്ധതി പ്രദേശത്ത് മണ്ണൊലിപ്പ് തടയാൻ കല്ലുകെട്ടി തട്ടുകൾ തിരിച്ച് ടി സ്ഥലത്ത് തീറ്റപ്പുൽ തുടങ്ങിയ ചെറുകൃഷികൾ തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് പ്രയോജനപ്പെടുത്താൻ നിർദ്ദേശം.

ഈ അയൽക്കൂട്ട പ്രദേശത്ത് ഓരോ വീട്ടിലും ഓരോ വ്യത്യസ്ത ഔഷധ തൈ നൽകുന്നതിന് ലക്ഷ്യമിടുന്നു.

## കാവറ വാർഡ് - 11

കാവറ വാർഡിൽ 6 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

എല്ലാ കുടുംബങ്ങളും നീർത്തട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തോടുകൾ (രണ്ട്)**

1. നീർച്ചാലിൽ തുടങ്ങി തണ്ടാം പൊയ്കയിൽ അവസാനിക്കുന്നു. 1.5 കി.മി.
2. ഏറത്തു നിന്ന് തുടങ്ങി തണ്ടാം പൊയ്ക വരെ കാവറക്കുളത്തിന്റെ കൈത്തോട് ജോയിന്റ് ചെയ്യുന്നു. (കാവറ വാർഡിന്റെ അതിർത്തി)

**കുളങ്ങൾ**

1. കാവറ അമ്പലക്കുളം - കാവറ അമ്പലത്തിലെ മണ്ണൊലിപ്പ് തടയാൻ വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും നിർമ്മിച്ചിരുന്ന ചുറ്റ് ബമ്ട് പൊളിഞ്ഞ നിലയിലാണ് അത് പുനസ്ഥാപിച്ച് മണ്ണൊലിപ്പ് തടയണം.
2. മേൽപറഞ്ഞ 2 തോടുകളുടേയും സൈഡ്‌വാൾ കെട്ടി സംരക്ഷിക്കണം നൽകണം.
3. സ്വകാര്യ ഭൂമിയിലുള്ള 2 കുളങ്ങൾ വൃത്തിയാക്കി മത്സ്യകൃഷി അനുയോജ്യമാക്കണം.

സ്വകാര്യ വ്യക്തികളുടെ തരിശുഭൂമി വിവിധ കൃഷികൾക്കായി ഒരുക്കേണ്ടതാണ്.

കാവറ കോളനി ഭാഗത്തുള്ള ഇടവഴിയിൽ കൂടിയുള്ള മണ്ണൊലിപ്പിനെ തടഞ്ഞ് ഒഴുക്കിനെതിരായി ക്രോസ്ബാർ കെട്ടി സംരക്ഷിക്കേണ്ടതാണ്. ധാരാളം ആൾക്കാരുടെ നടപ്പാതയാണ്.

കാവറ വാർഡിലെ എല്ലാ പ്രദേശത്തുമുള്ള തെങ്ങുകൾക്ക് തടം വച്ച് മണ്ണിനെ സംരക്ഷിക്കേണഅടതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി വിവിധയിനം കൃഷികൾ (സ്വകാര്യ ഭൂമിയിൽ) ചെയ്യുവാനുള്ള സൗകര്യം തെങ്ങിൻ തോപ്പുകളിൽ തീറ്റ പുലകൃഷിക്കു സൗകര്യം ഒരുക്കുക.

കന്നുകാലി വളർത്തൽ - പശു, ആട്, കോഴി വളർത്തൽ, മുയൽ, റബർ മരങ്ങൾക്ക് സംരക്ഷണം, മുക്കുന്നൂർ നിർച്ചാലിൽ റോഡ് വെള്ളം കെട്ടി കിടക്കുന്നത് ഒഴിവാക്കി കോൺക്രീറ്റ് ചെയ്ത് വാഹനങ്ങൾക്കും, കാൽനടക്കും അനുയോജ്യമാക്കുകയും മഴക്കുഴി നിർമ്മിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യണം.

വിവിധ ഭാഗങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയണം.

കൂൺകൃഷിക്ക് പരിശീലനവും, അതു നടത്തിപ്പിനുവേണ്ട സാമ്പത്തിക സഹായവും നൽകണം.

പച്ചകൃഷിക്ക് വേണ്ടി വിവിധയിനം വിത്തുകളും വളവും നൽകേണ്ടതാണ്.

## മുക്കൂന്നൂർ വാർഡ് – 12

### കുളങ്ങൾ

1. പറയരുകോണം – നെൽകൃഷിയ്ക്ക്
2. മുക്കുന്നൂർ – നീന്തൽകുളം
3. ചെണ്ടഴത്ത് ചിറ – മത്സ്യകൃഷിയ്ക്ക്
4. ചെറുകോണത്ത് – മത്സ്യകൃഷിയ്ക്ക്

### പ്രോജക്ടുകൾ

1. മഴക്കുഴികൾ – ജലസംഭരണത്തിനും, റബ്ബറിനും
2. നെൽകൃഷി പുനരുദ്ധാരണം
3. തെങ്ങുകൃഷി വികസനം
4. കന്നുകാലി വളർത്തലും, ഉപജീവനം
5. മരച്ചീനി, പച്ചക്കറി, വാഴ, ചേന, ചേമ്പ്, ഇഞ്ചി, ഇടവിള കൃഷികളുടെ പ്രോത്സാഹനം
6. ആട്, കോഴി വളർത്തൽ
7. തീറ്റ പുൽകൃഷി – എല്ലാവീടുകളിലും ബയോഗ്യാസ് സംരംഭം
8. കന്നുകാലികൾക്കും, കോഴികൾക്കും തീറ്റനിർമ്മാണം.
9. തെങ്ങ്, കവുങ്ങ്, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ഉല്പാദനങ്ങൾക്കുള്ള നഴ്സറികൾ
10. റബ്ബർ നഴ്സറി
11. വെറ്റിലകൊടി കൃഷി
12. മഴവെള്ള സംഭരണി
13. കൂൺ കൃഷി
14. തേനീച്ച വളർത്തൽ
15. ഗ്യാരീബാഗ് നിർമ്മാണം
16. മണ്ണിരകമ്പോസ്റ്റ് നിർമ്മാണം.
17. മണ്ണൊലിപ്പു തടയുന്നതിന് കല്ല് കയ്യാല നിർമ്മാണം.

## ആലന്തറ വാർഡ് – 14

ഈ അയൽക്കൂട്ട ഗ്രൂപ്പ് ചർച്ചയിൽ 10 പേർ പങ്കെടുത്തു.

ആലന്തറ വാർഡിൽ പ്രധാനമായും 2 നീന്തൽ കുളങ്ങളും 1. ആലന്തറ, നീന്തൽകുളം, 2. കീഴായിക്കോണം അമ്പലക്കുളം എന്നിവ.

**നിർദ്ദേശം**

പുതിയ നീന്തൽ കുളത്തിന് അനുബന്ധിച്ചുള്ള സ്ഥലം ബണ്ട് കെട്ടി തിരിച്ച് ഔഷധകൃഷിയ്ക്കു ഉപയുക്തമാക്കണം. അനുയോദ്യമായ തോടും, പാലവും നിർമ്മിക്കണം. പുളിമൂട്ടിൽ ചിറയിൽ മത്സ്യകൃഷി ചെയ്യണം.

**പ്രധാനപ്പെട്ട തോടുകൾ**

1. കോട്ടറക്കോണം – ആലുന്തറ ഏലാതോട്
2. ഇലങ്കം ആലുന്തറ – ഏലാതോട്
3. ശാസ്താംനട – മുദാക്കൽ പാലത്തിൽ ചേരുന്ന വലിയ തോട്
4. കീഴായിക്കോണം – വേറ്റൂർ ആലുന്തറ ഏലാതോട്

ഇവയുടെ സൈഡ്വാൾ കെട്ടി കൃഷിക്കാർക്ക് ഉപയോഗമാക്കുകയും വീട്ടുകാർക്ക് നടപ്പാലം നിർമ്മിച്ച് നൽകി ആവശ്യം വേണ്ടിടത്ത് തടയണ നിർമ്മിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കണം.

**പൊതുകിണർ – 7**

1. ഉല്ലാസ് നഗർ പൊതുകിണർ 2. പപ്പടക്കട മാമൂട് സമീപം പൊതുകിണർ 3. ചെപ്പള്ളി പൊതുകിണർ, 4. നാഗരുവിള പൊതുകിണർ, 5. രംഗപ്രഭാഗത് അംഗൻവാടി പൊതുകിണർ എന്നിവ പുനരുദ്ധരിച്ച് സംരക്ഷിക്കണം.

**പൊതുനിർദ്ദേശം**

1. ഓരോ വീട്ടിലും മണ്ണിര കമ്പോസ്റ്റ് ബയോഗ്യാസ് ഇവ നിർദ്ദേശിക്കുന്നു.
2. ഓരോ വീട്ടിലും വ്യത്യസ്ത ഓഷധങ്ങൾ നൽകി പരിപോഷണം ചെയ്യൽ
3. ക്ഷീര മേഖല പരിപോഷിപ്പിക്കാൻ ക്ഷീര കർഷകരെ തിരഞ്ഞെടുത്ത് പശുക്കളെ നൽകി ക്ഷീര മേഖല പരിപോഷിപ്പിക്കാൻ പദ്ധതി.
4. ബാക്കി ഭാഗം വരുന്ന അയൽക്കൂട്ടങ്ങൾക്ക് അഭിരുചിയ്ക്കിണങ്ങിയ – ആട്, കോഴി എന്നിവയ്ക്ക് പദ്ധതി നിർദ്ദേശിക്കുന്നു.
5. മഴക്കാലത്തുണ്ടാകുന്ന മണ്ണൊലിപ്പ് തടയാൻ കല്ല്കെട്ടി തട്ടുകളായി തിരിച്ച് ചെറുകൃഷിയ്ക്കായി നിർദ്ദേശിക്കുന്നു.

6. ടി അയൽക്കൂട്ട പ്രദേശത്ത് യാതൊരു തരത്തിലുള്ള, മണ്ണിടിച്ചിൽ, നികത്തൽ അനുമതി ഇല്ലാതുകൊണ്ട് കുഴൽകിണർ എന്നിവ പ്രവർത്തിപ്പിക്കാൻ സമ്മതിക്കില്ലായെന്നും നിർദ്ദേശത്തിൽ ഏക തീരുമാനമായി ഉയർന്നുവന്നു.
7. കാവുകൾ സംരക്ഷിക്കണം.
8. നാഗരുകാവ് - ആലുന്തറ സംരക്ഷിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുന്നു.
9. 2 തരിശ് വയലുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിചെയ്യുന്നതിന് പ്രോജക്ട് ഉണ്ടാകണം, തൊഴിലുറപ്പ് തൊഴിലാളികളെ പങ്കെടുപ്പിച്ച് പദ്ധതി പ്രദേശത്ത്, തെങ്ങ്, റബ്ബർ, വാഴ മുതലായ കാർഷികവിളകൾക്ക് തടമെടുക്കൽ.

## മണ്ഡപകുന്ന് വാർഡ് - 15

1. **ചിറ**

കരുനാഗപ്പൻ ചിറ, നെടുവേലി (കീഴായിക്കോണം) ചിറ എന്നിവ സംരക്ഷിക്കണം

2. **തോടുകൾ**

കീഴായിക്കോണം തോട്, കുരുന്നേപ്പൻകാവ് തോട്, മുണ്ടുകോണം - കീഴായിക്കോണം തോട് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കണം

3. **ആസ്തികൾ**

വട്ടവിള കോളനി, വട്ടവിള അംഗൻവാടി, പൊതുകിണർ

4. **പ്രശ്നങ്ങൾ**

   1. ജലക്ഷാമം
   2. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ബോധവത്കരണത്തിന്റെ അഭാവം
   3. കൃഷി ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ
   4. മികച്ച വിത്ത്, വളം എന്നിവയുടെ അഭാവം
   5. ശാസ്ത്രീശ കൃഷി രീതികളിലുള്ള അവബോധമില്ലായ്മ
   6. പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന പാറഖനനം, മണൽ ഖനനം
   7. മണ്ണൊലിപ്പ് മൂലം മേൽമണ്ണ് നഷ്ടപ്പെടുന്നത്
   8. വയലുകൾ മണ്ണിട്ട് നികത്തുന്നതുമൂലം തോടുകളേ് നശിക്കുന്നു.
   9. ജലം കെട്ടിനിന്ന് മണ്ണിലേക്കാഴ്ന്നിറങ്ങുന്നത് തടയപ്പെടുന്നു

10. കോട്ടുകുന്നം മലയുടെ താഴ്‌വരകളിൽ ജലത്തിന്റെ നീരൊഴുക്ക് കുറയുന്നത്

5. <u>സാധ്യതകൾ</u>

1. കോട്ടുകുന്നം മലയുടെ ചരിവുകളായ ആനപ്പാറ, വട്ടവിള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകൾ, കയ്യാലകൾ തുടങ്ങിയവ നിർമ്മിക്കുക
2. മഴക്കുഴി, കാട്ടുകല്ല് ഉപയോഗിച്ചുള്ള കയ്യാല, തടയണകൾ എന്നിവകളുടെ നിർമ്മാണം
3. ചരിഞ്ഞ പ്രദേശങ്ങൾ തട്ടുകളാക്കൽ

6. <u>വ്യക്തികൾക്കും സംഘങ്ങൾക്കും</u>

1. പച്ചക്കറി കൃഷി, വാഴ കൃഷി, മരച്ചീനി കൃഷി, കുരുമുളക് കൃഷി, പുൽകൃഷി, പുഷ്പ കൃഷി കൂടാതെ മറ്റ് കൃഷികൾ
2. ഔഷധത്തോട്ട നിർമ്മാണം, അലങ്കാര പുഷ്പ കൃഷി
3. കുളങ്ങൾ നിർമ്മിച്ച് മത്സ്യ കൃഷി
4. ആടു വളർത്തൽ, കോഴി വളർത്തൽ
5. തരിശു പുരയിടങ്ങളിൽ കൃഷി
6. റബ്ബർ തോട്ടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടു നിർമ്മാണം
7. ജൈവവള നിർമ്മാണം
8. ചിറകൾ വൃത്തിയാക്കി അവയിൽ നിന്ന് കൃഷിക്കാവശ്യമായ ജലസേചനം
9. റോഡരികിലും തോട്ടു വക്കിലും മരങ്ങൾ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയൽ
10. പാൽ- പഴവർഗ്ഗ ഉല്പാദന യൂണിറ്റ്
11. പ്ലാസ്റ്റിക്കിനെതിരെ പേപ്പർ ബാഗ്, പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റ്
12. പുറമ്പോക്കുകളിൽ ബണ്ട് നിർമ്മാണം
13. മണ്ണ്-ജല സംരക്ഷണത്തെക്കുറിച്ച് ബോധവത്കരണ പരിപാടികൾ, CD പ്രദർശനം

